# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 365**

**നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു
പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.**

കർത്താവിൽ വാത്സല്യമുള്ളവരെ,

ആഗോളവ്യാപകമായി കോവിഡ് 19 അണുബാധയുടെ ഫല
മായി ഉളവായ ലോക്ഡൗൺ മൂലമുണ്ടായിരിക്കുന്ന പ്രതിസന്ധി വളരെ രൂക്ഷമായിക്കൊണ്ടിരി
ക്കുന്നു. 2020 മേയ് 3–ാം തീയതി ലോക്ഡൗൺ മാറും എന്നു വിചാരിച്ചിരുന്നെങ്കിലും മേയ്
മുപ്പതോ ചിലപ്പോൾ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ  വരെയോ ആയത് നീണ്ടുപോകുവാൻ
സാധ്യതയുണ്ട് എന്നു മനസ്സിലാക്കുന്നു. ആകയാൽ ഈ സംവത്സരത്തിലെ (2020–2021) പട്ടക്കാ
രുടെ സ്ഥലം മാറ്റം സംബന്ധിച്ച് അയച്ചിരുന്ന കല്പന 361 മരവിപ്പിച്ചിരിക്കുന്നു. ലോക്ഡൗൺ
മാറിക്കഴിയുമ്പോൾ വളരെ വൈതരണികൾ ഉളവാകാമെന്നതിനാൽ 2021 ഏപ്രിൽ 30 വരെ
ഓരോ പട്ടക്കാരനും ഇപ്പോൾ ആയിരിക്കുന്ന സ്ഥലത്ത് തുടരണം. സൗകര്യങ്ങൾ അനുസരിച്ച്
വിസ ലഭിക്കുന്നതിന് പ്രതിസന്ധി ഇല്ലാത്ത സ്ഥാനങ്ങളിൽ രാജ്യാന്തര–ആഭ്യന്തര വിമാന
സർവ്വീസും ട്രെയിൻ ഗതാഗതവും പൊതു ഗതാഗതവും, ഇന്റർ സ്റ്റേറ്റ് പബ്ലിക് ട്രാൻസ്പോർട്ടും
ഇന്റർ ഡിസ്ട്രിക്ട് പബ്ലിക് ട്രാൻസ്പോർട്ടും ലഭ്യമാകുന്ന കാലഘട്ടം വരെയും മാറ്റമില്ലാതെ
തുടരേണ്ടതാണ്. എന്നാൽ അത്യാവശ്യമായി സ്ഥലം മാറ്റം ആഗ്രഹിക്കുന്ന പട്ടക്കാർക്ക് ആയ
തിനു ശേഷം ചില Exemptions എപ്പിസ്ക്കോപ്പൽ സിനഡ് ആലോചിച്ച് വേണ്ട ക്രമീകരണം
ചെയ്യാവുന്നതാണ്. ഈ വർഷം സജീവ സേവനത്തിൽ നിന്നു വിരമിക്കുന്ന പട്ടക്കാർക്ക് അവർ
ആയിരിക്കുന്ന ഇടങ്ങളിൽത്തന്നെ തുടരുവാൻ അനുവാദമുണ്ട്. എന്നാൽ ശുശ്രൂഷയിൽ  തുടരു
ന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചാൽ അവരെ അവിടെ നിന്നു ഏപ്രിൽ 30 നു വിടർത്തു
ന്നതും പകരം പട്ടക്കാരെ അവിടവിടെ 2020 മേയ് 1–ാം തീയതി മുതൽ നിയമിക്കുന്നതുമാണ്.

ഈ വർഷം സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ പരീക്ഷകൾ
കഴിഞ്ഞതിനുശേഷം മാത്രമേ ഇന്റർവ്യൂവും പട്ടംകൊട ശുശ്രൂഷയും നടക്കുകയുള്ളു. അതിനും
കാലതാമസ്സം വരാൻ സാധ്യതയുണ്ട്. ഉപരിപഠനത്തിന് അനുവാദം ലഭിച്ച പട്ടക്കാർ പ്രവേശനം
ലഭിച്ചിരിക്കുന്ന സെമിനാരികൾ തുറന്ന് പഠനം ആരംഭിക്കുന്നതു വരെ ഇപ്പോൾ ആയിരിക്കുന്ന
സ്ഥാനങ്ങളിൽ തുടരാവുന്നതാണ്. ഉപരിപഠനം പൂർത്തിയാക്കിയ പട്ടക്കാരെ 2020 മേയ് 1 മുതൽ
തക്ക ഒഴിവുകളിലേക്ക് നിയമിക്കുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയങ്ങൾ
മെത്രാപ്പോലിത്തായെ അറിയിച്ചാൽ സാദ്ധ്യതകൾക്കനുസരിച്ച് ആയത് പരിഗണിക്കാവുന്നതാണ്.
മഹാമാരിമൂലമുള്ള പ്രതിസന്ധി അതിജീവിക്കുവാൻ കർത്താവിൽ ശരണപ്പെടാം.  കാലോചിത
മായ ശുശ്രൂഷ നിർവ്വഹിക്കുവാൻ കർത്താവ് എല്ലാവരെയും ശക്തിപ്പെടുത്തട്ടെ എന്നു
പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവിന്റെ കൃപ നാം എവരോടുംകൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നു 2020 ഏപ്രിൽ മാസം  25–ാം തീയതി

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. JOSEPH MAR THOMA

**Circular No.365**

**Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority**

Beloved in Christ,

The global crisis that evolved as a result of the COVID 19 infection and lockdown has reached to more severe proportions. It is now understood that even though the lockdown was expected to end on May 3rd 2020, there is a likelihood of extending the period to May 30 or up until the months of June, July or August. Therefore, the Circular No. 361 regarding the clergy transfer for this year (2020-2021) is hereby frozen. All clergy must remain where they currently serve until April 30, 2021, since there could be more dilemmas likely to occur when the lockdown is lifted. Clergy who are posted to places where they could readily obtain visas, they can stay back and wait until international-national flight services, inter State public transport, or inter District public transport resume. But for those clergy who face an urgent need for a transfer, the Episcopal Synod can consider making certain possible exceptions and implement the transfers afterwards. The clergy who retire this year from active service have the permission to continue where they are serving now. Yet, if they inform their inability to continue their service, they will get relieved from their duties with effect from April 30 and alternate appointments be made from May 1, 2020.

Interviews and ordination services will take place this year only after the Serampore University conducts its examinations. The examinations could be delayed. Those clergy who got permission for higher studies can remain where they currently serve until the Seminaries open and start the study programme. The clergy who completed their higher studies will be appointed to appropriate vacancies with effect from May 1, 2020. In case if there are special needs to be taken care of, the Metropolitan could be intimated about the same, which if possible, will duly be considered. Let us take refuge in the Lord to survive the crisis due to the pandemic. Let us pray that God will empower us all to do a contextually relevant ministry.

Grace be with you all.

Dated 25th of April 2020 from the Poolatheen, Thiruvalla,

**Dr. Joseph Mar Thoma Metropolitan**